# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2928 — 20.03.2015-ൽ മറുപടിക്ക്

**കോർ റോഡ് നെറ്റ് വർക്ക് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്**<br>**,, റോഷി അഗസ്റ്റിൻ**<br>**,, എം.വി.ശ്രേയാംസ് കുമാർ**<br>**ഡോ.എൻ. ജയരാജ്** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കോർ റോഡ് നെറ്റ് വർക്ക് പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ & ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) (ബി) ഉണ്ട്. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിനു കീഴിലെ റോഡുകളിൽ (നാഷണൽ ഹൈവേ ഒഴികെ) സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് പരമപ്രധാനമായവ കണ്ടെത്തുന്നതിന് ഒരു വിദഗ്ധ ഏജൻസിയെക്കൊണ്ട് റോഡുകളെപ്പറ്റി ശാസ്ത്രീയമായി പഠനം നടത്തി ആയവയെ കണ്ടെത്തി ഒരു റോഡ് ശൃംഖല രൂപീകരിക്കുകയും അവ വികസിപ്പിച്ച് ഉന്നത നിലവാരത്തിൽ പരിപാലിക്കുകയുമാണ് ഇതിന്റെ ഉദ്ദേശം. |
| (സി) പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സംവിധാനം വ്യക്തമാക്കുമോ? | (സി) ഇത്തരം റോഡുകളെ കണ്ടെത്തുന്നതിന് വിശദപഠനം നടത്തുവാൻ ഒരു വിദഗ്ധ കൺസൾട്ടന്റിനെ അന്തർദേശീയ ദർഘാസ് പ്രകാരം നിയമിക്കണം. രണ്ടാമതായി ഈ റോഡുകൾ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടിയുള്ള ധനാഗമമാർഗ്ഗങ്ങളെ അവലോകനം ചെയ്യുന്നതിനും മറ്റുമുള്ള പഠനങ്ങൾക്കായി ഒരു വിദഗ്ധ ഏജൻസിയെ |

നിയമിക്കേണ്ടതായിട്ടുണ്ട്. മൂന്നാമതായി ഈ റോഡുകൾക്കു പ്രത്യേക പരിഗണന ആവശ്യമായതിനാൽ അവയുടെ ചുമതല പൊതുമരാമത്ത് വകുപ്പിൻ കീഴിൽ ഒരു പുതിയ സ്വതന്ത്ര ചുമതലയുള്ള ഏജൻസി യെ ഏൽപിക്കേണ്ടതും ആവശ്യമാണ്.

സെക്ഷൻ ഓഫീസർ